# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 2026

## പി.ടി.എം.എൽ.പി.സ്കൂൾ ചെലൂർ

# ആമുഖം

ശ്രദ്ധിക്കുക , ചോദിക്കുക, അറിയുക എന്നീ മൂല്യങ്ങൾക്ക് മുഖ്യ സ്ഥാനം നൽകി പി.ടി.എം.എൽ.പി സ്കൂളിലെ വിദ്യാർത്ഥികൾക്കായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു. ഈ ഘട്ടം ( ഒന്ന് മുതൽ നാല് വരെ ) ഒരു കുട്ടിയുടെ വിദ്യഭ്യാസ യാത്രയിലെ ഏറ്റവും നിർണ്ണായകമായതാണ്. ഇവിടെയാണ് അടിസ്ഥാനപരമായ അറിവിന്റേയും കഴിവുകളുടേയും വികാസം നടക്കുന്നത്. അതേ സമയം പഠനത്തോടുള്ള അഭിനിവേശവും പ്രതികരണശേഷിയും രൂപപ്പെടുന്നത്. ഈ മാസ്റ്റർ പ്ലാൻ കുട്ടികളുടെ സമഗ്ര വികസനത്തിന് ശാരീരിക , ബൗദ്ധിക , സാമൂഹിക വൈകാരിക സൃഷ്ടിപരമായ കഴിവുകൾക്ക് ശക്തമായ അടിത്തറ നൽകാനാണ് ലക്ഷ്യമിടുന്നത്.

ഓരോ കുട്ടിയുടേയും എഴുത്ത് , വായന, ഗണിതം, എന്നിവയിലെ അടിസ്ഥാനപരവും അത്യാവ്ശ്യവുമായ കഴിവുകൾ ശാസ്ത്രീയമായും രസകരമായും ഏകീകരിക്കുക. ജിജ്ഞാസ വളർത്തുക, ജീവിത കഴിവുകൾക്ക് പ്രാപ്തമാക്കുക, ആധുനിക ലോകത്തിന് തയ്യാറാക്കുക എന്നീ ലക്ഷ്യങ്ങൾക്കുതകുന്ന പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ ക്ലാസിനും വേണ്ട വിശദമായ പാഠ്യ പദ്ധതി , പഠനഫലങ്ങൾ , പഠനരീതികൾ , മൂല്യ നിർണ്ണയം എന്നിവ ഈ പ്ലാനിൽ വ്യക്തമാക്കുന്നു.

ഈ യാത്രയിൽ അദ്ധ്യാപകൻ, മാതാപിതാക്കൾ , സ്കൂൾ നടത്തിപ്പ്, ക്ലബ് പ്രവർത്തനങ്ങൾ , എം.ടി.എ പി.ടി.എ കമ്മിറ്റികൾ , നാട്ടുകാർ എന്നിവരുടെ സഹകരണം അത്യന്താപേക്ഷിതമാണ്. ഒരുമിച്ച് പ്രവർത്തിച്ച് കൊണ്ട് ഓരോ കുട്ടിയും അവരുടെ സാധ്യതകൾ പൂർണ്ണമായി നേടിയെടുക്കുകയും പഠനത്തോടുള്ള ജീവിതപരമായ സ്നേഹം വളർത്തിയെടുക്കുകയും അവരെ ഉത്തരവാദിത്വബോധമുള്ള പൗരൻമാരായി രൂപപ്പെടുത്തുകയും ചെയ്യുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

- സ്കൂളിന്റെ പേര് : പി.ടി.എം.എൽ.പി സ്കൂൾ
- മേൽവിലാസം : പെരിന്താറ്റിരി (പി.ഒ) , മക്കരപറമ്പ് (വഴി) , മലപ്പുറം
- മൊബൈൽ : 9656566918
- വിഭാഗം : എയ്ഡഡ്
- സ്ഥാപിത വർഷം : 1976
- സ്കൂൾ കോഡ് : 18603
- ഇ.മെയിൽ : schoolptm@gmail.com
- വിദ്യഭ്യാസ ജില്ല : മലപ്പുറം
- വിദ്യഭ്യാസ ഉപജില്ല : മങ്കട
- ബി.ആർ.സി : മങ്കട
- സി.ആർ.സി : കുട്ടിലങ്ങാടി
- ഗ്രാമപഞ്ചായത്ത് : കുട്ടിലങ്ങാടി
- ബ്ലോക്ക് പഞ്ചായത്ത് : മങ്കട
- ജില്ലാ പഞ്ചായത്ത് : മലപ്പുറം
- നിയമസഭാ മണ്ഡലം : മങ്കട
- ലോക സഭാ മണ്ഡലം : മലപ്പുറം
- താലൂക്ക് : പെരിന്തൽമണ്ണ
- വില്ലേജ് : കുട്ടിലങ്ങാടി
- ഹെഡ്മാസ്റ്റർ : ശ്രീ. ഹംസ.എൻ
- സ്കൂൾ മാനേജർ : ശ്രീ. അബൂബക്കർ.ടി
- എസ്.ആർ.ജി കൺവീനർ : ശ്രീമതി. മുഹ്സിന
- പി.ടി.എ പ്രസിഡന്റ് : ശ്രീ. അബ്ദു റഹ്മാൻ
- എം.ടി.എ പ്രസിഡന്റ് : ശ്രീമതി. റോസ്ന
- സ്റ്റാഫുകളുടെ എണ്ണം : 3+7=10
- സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം :

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 21 | 17 | 38 |
| 2 | 24 | 26 | 50 |
| 3 | 15 | 22 | 37 |
| 4 | 12 | 20 | 32 |

| | | | |
|---|---|---|---|
| ആകെ | 72 | 85 | 157 |

**പ്രീ പ്രൈമറി വിഭാഗം**

സ്ഥാപിത വർഷം 2002

സ്റ്റാഫുകളുടെ എണ്ണം : 4

ഹെൽപ്പർ : 1

വിദ്യാർത്ഥികളുടെ എണ്ണം :

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| LKG | 18 | 16 | 34 |
| UKG | 18 | 25 | 43 |
| ആകെ | 36 | 41 | 77 |

# പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം , ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.
- എല്ലാ കുട്ടികൾക്കും ഗുണ മേന്മയുള്ള വിദ്യഭ്യാസം ഉറപ്പ് വരുുത്തുക.
- ഓരോ കുട്ടികളുടേയും കഴിവുകളും താൽപ്പര്യങ്ങളും തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുക.
- ക്രിയാത്മകവും രസകരവുമായ പഠനാന്തരീക്ഷം സൃഷ്ട്ടിക്കുക.
- വിദ്യാർത്ഥികളുടെ അടിസ്ഥാന സാക്ഷരതയും ഗണിതശേഷിയും മെച്ചപ്പെടുത്തുക.
- ശാസ്ത്രീയമായ മനോഭാവം സാമൂഹിക അവബോധം മൂല്യബോധം എന്നിവ വളർത്തുക.
- പരിസ്ഥിതി സംരംക്ഷണത്തെക്കുറിച്ച് അവബോധം നൽകുക.
- ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക
- അധ്യാപകരുടേയും രക്ഷിതാക്കളുടേയും പങ്കാളിത്തം ഉറപ്പാക്കുക.
- വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളും പഠനസൗകര്യങ്ങളും മെച്ചപ്പെടുത്തുക.
- തുടർച്ചയായ വിലയിരുത്തലിലൂടെ കുട്ടികളുടെ പഠന പുരോഗതി നിരീക്ഷിക്കുകയും ആവ്ശ്യമായ പിന്തുണ നൽകുകയും ചെയ്യുക.

## അക്കാദമിക നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപകർ
- ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം
- അടിസ്ഥാന അറിവുകൾ ( വായന, എഴുത്ത്, കണക്ക് ) കൃത്യമായി പഠിപ്പിക്കുന്നു.
- ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം
- പഠനത്തിൽ പിന്തുണ ആവശ്യമായ കുട്ടികൾക്ക് "സഹായഹസ്തം" എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
- കലാപഠനം , പ്രവൃത്തിപരിചയപഠനം , കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നു.
- എൽ.എസ്.എസ് പരീക്ഷയിൽ തുടർച്ചയായി മികവാർന്ന നേട്ടങ്ങൾ
- വായന പൊതു വിജ്ഞാനം എന്നിവ പരിപോഷിക്കുന്നതിനായി ഒരു ദിനം ഒരു ചോദ്യം ( പത്ര ക്വിസ് ) നടത്തി വരുന്നു.

## അക്കാദമികം പരിമിതികൾ

- വിവിധ മേഖലകളിൽ കുട്ടികളുടെ മികവ് മെച്ചപ്പെടുത്തേണ്ടതുണ്ട്.
- വിദ്യഭ്യാസ നിലവാരത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാൻ എല്ലാ ക്ലാസ്മുറികളിലും ഐ.ടി ഉപകരണങ്ങളുടെ ലഭ്യത ഉറപ്പ് വരുത്തേണ്ടതുണ്ട്.
- ക്ലാസ് ലൈബ്രറികളിൽ വിഷയടിസ്ഥാനത്തിലുള്ള മൂലകൾ എന്നിവ മികച്ച രീതിയിൽ ക്രമീകരിക്കേണ്ടതുണ്ട്.

# പദ്ധതി വിശദാംശങ്ങൾ

**പേര് : ഗണിതോത്സവം**

**ഉപമേഖല : ഗണിത പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ ( ചതുഷ്ക്രിയകൾ ലളിതമാക്കൽ ) | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ (ഏണിയും പാമ്പും,ഡൈസ് കളി ) സങ്കലനം - വ്യവകലനം (കച്ചവടക്കളി ) | മാസത്തിൽ ഒരു തവണ | ക്ലാസ് ടീച്ചർ, എസ്.ആർ.ജി | |
| • ഗണിത പഠനോപകരണങ്ങളുടെ ശിൽപ്പശാല<br>• പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം , പ്രദർശനം | ഒരു പ്രാവ്ശ്യം | ക്ലാസ് ടീച്ചർ | 2000 |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി , പസിൽ , പാറ്റേൺ , പഠന | ഒരു പ്രാവ്ശ്യം | ക്ലാസ് ടീച്ചർ ഗണിത ക്ലബ് | |

| | | | | |
|---|---|---|---|---|
| | ഉത്പന്നങ്ങളുടെ പ്രദർശനം | | | |
| കളികളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | • ഗണിത മാഗസിൻ<br>• ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>• ഗണിത ക്വിസ് ( ഗണിത പ്രവർത്തനം കളിയിലൂടെ ) | മാസത്തിൽ ഒരു തവണ | ക്ലാസ് ടീച്ചർ | |
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം ( കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ ) | മാസത്തിൽ രണ്ട് തവണ | ഗണിത ക്ലബ് | |
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും | ഒരു തവണ | ക്ലാസ് ടീച്ചർ | |

**പ്രവർത്തനത്തിന്റെ പേര് : ശാസ്ത്ര പോഷണ പരിപാടി**

**മേഖല ഉപമേഖല : അക്കാദമികം / ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ശാസ്ത്രത്തിന്റെ രീതി ബോധ്യമാക്കി കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തുക<br>• കുട്ടി ശാസ്ത്രജ്ഞൻമാരെ വളർത്തിയെടുക്കൽ<br>• കൗതുകം , ജിജ്ഞാസം , നിരീക്ഷണ പാടവം എന്നിവ പരിപോക്ഷിപ്പിക്കുക<br>• ദിനാചരണങ്ങൾ പ്രവർത്തനാധിഷ്ഠിത പരിപാടികളാക്കി പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി പഠനനേട്ടങ്ങൾ നേടാൻ പ്രാപ്തരാക്കുക.<br>• വ്യക്തി ശുചിത്വവും, സാമൂഹിക ശുചിത്വവും പാലിച്ച് കൊണ്ട് ശാരീരിക മാനസിക , സാമൂഹിക | • ഓരോ ക്ലാസിലും ശാസ്ത്ര മൂല ഒരുക്കൽ<br>• ആഴ്ച്ചയിൽ ഒരു ദിവസത്തെ അസംബ്ലിയിൽ ഒരു കുട്ടിക്ക് ലഘു പരീക്ഷണം അവതരിപ്പിക്കാനുള്ള അവസരം ഒരുക്കൽ. ശേഷം ശാസ്ത്ര തത്വം വിശദകരിക്കുകയും ചെയ്യുന്നു.<br>• ഫോട്ടോ പ്രദർശനം<br>• ശാസ്ത്ര സാഹിത്യ പുസ്തകങ്ങൾ ക്ലാസ് നിലവാരത്തിനുള്ളത് വാങ്ങൽ , ശേഖരിക്കൽ | ജൂലൈ - ആഗസ്റ്റ്<br>ആഴ്ച്ചയിൽ ഒരു ദിവസം<br>ഓരോ മാസവും<br>സെപ്തംബർ<br>സെപ്തംബർ<br>വർഷത്തിൽ ഒരു പ്രാവശ്യം<br>മാസത്തിൽ രണ്ട് | ക്ലാസ് ടീച്ചേഴ്സ് & ശാസ്ത്ര ക്ലബ്<br>ശാസ്ത്ര ക്ലബ്<br>ഹെഡ് മാസ്റ്റർ & സ്റ്റാഫ് | 1000 |

| | | | | |
|---|---|---|---|---|
| ആരോഗ്യം കൈവരിക്കാൻ സഹായിക്കുക | ശേഖരണം<br>• ഫീൽഡ് ട്രിപ്പ്<br>• വിവരശേഖരണം<br>• നിഗമന രൂപീകരണം<br>• സ്കൂൾ ശാസ്ത്ര ലാബ് ശാക്തീകരണം<br>• പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ<br>• കൊളാഷ് നിർമ്മാണം<br>• ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക<br>• ആരോഗ്യ ക്ലബ് ശാസ്ത്രീകരണം | തവണ<br>3,4 ക്ലാസുകൾ<br><br>ശാസ്ത്ര ക്ലബ് | ശാസ്ത്ര ക്ലബ് | |

# ENGLISH

Activity 1
Name : English Assembly
Sub  field: Perfomance Venues

| Aim | Activities | The time | Task | Financial Analysis |
|---|---|---|---|---|
| Giving space to expression in e English | One day a week , the children themselves present the entire assembly program in English. | On day a week | English club | |

Action 2
Name : English Diary (for classes 3 and 4 )
Sub field : Article

| Aim | Activities | The time | Task | Financial Analysis |
|---|---|---|---|---|
| To improve English Writing in English | Write down your daily experiences at home and school in English | One day a week | Class teacher | |

Action 3
Name : English Bulletin (3rd and 4th grades )
Sub field : Writing

| Aim | Activities | The time | Task | Financial Analysis |
|---|---|---|---|---|
| Provide Oppertunities for expression in English | Prepare a bulletin in English on any topic every month | | | |

Activity 4
Name: Growing dictionary
Sub field : Writing

| Aim | Activities | The time | Task | Financial Analysis |
|---|---|---|---|---|
| To increase Vocabulary | Every day write down a word its meaning and a sentence using it | Every day | Class teacher | |

# പ്രവർത്തന പദ്ധതികൾ
## മലയാളം

പ്രവർത്തനം 1

പേര് : എന്റെ പിറന്നാൾ പുസ്തകം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭജനം |
|---|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2

പേര് : അക്ഷരക്കൂട്ടം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭജനം |
|---|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 4000 |

| | | | | |
|---|---|---|---|---|
| | ക്ലാസ് മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | | | |

പ്രവർത്തനം 3

പേര് :പത്ര വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭജനം |
|---|---|---|---|---|
| അർത്ഥം പൂർണ്ണമായി കുട്ടികൾക്ക് വായിക്കാൻ കഴിയുന്നു. | അസംബ്ലിയിൽ ഓരോ ദിവസത്തെ പ്രധാന വാർത്തകൾ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | Nil |

പ്രവർത്തനം 4

പേര് : കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭജനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ച് ക്ലാസ് | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1000 |

| | | | | |
|---|---|---|---|---|
| | തലത്തിൽ കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | | | |

പ്രവർത്തനം 5

പേര് : പതിപ്പ് നിർമ്മാണം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭജനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് | വിദ്യാലയ വിശേഷങ്ങൾ ക്ലാസിലെ വിശേഷങ്ങൾ പങ്ക് വെക്കുന്ന സ്കൂൾ പതിപ്പുകൾ തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1500 |

പ്രവർത്തനം 6

പേര് : പാട്ടരങ്ങ്

ഉപമേഖല : ഭാഷരങ്ങ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭജനം |
|---|---|---|---|---|
| ശബ്ദ പ്രയോഗം സംഗീതാത്മകത , ഭാവ പ്രകടനം എന്നിവയിലൂടെ ഭാഷാ ജ്ഞാനവും ആത്മ | കുട്ടികൾ പഠിക്കുന്ന പാട്ടുകൾ രംഗ താളങ്ങളോടെ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | Nil |

| | | | | |
|---|---|---|---|---|
| വിശ്വാസവും ഉയർത്തുക. | | | | |

പ്രവർത്തനം 7 റീഡേർസ് തീയേറ്റർ

ഉപമേഖല : വായന വളർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭജനം |
|---|---|---|---|---|
| വായനാ താൽപ്പര്യം വളർത്തുന്നതോടൊപ്പം അഭിനയ താൽപ്പര്യം വളർത്തി കൊണ്ടു വരിക | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം ചെയ്യുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | Nil |

പ്രവർത്തനം 8

പേര് : രചനാ ശിൽപ്പശാല

ഉപമേഖല :മാതൃ ഭാഷയിൽ വിവിധ ശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിഭജനം |
|---|---|---|---|---|
| സർഗാത്മക രചനയിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കൽ. വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്, രചന ശിൽപ്പ ശാല എന്നിവ സംഘടിപ്പിക്കൽ ഉൽപ്പന്നങ്ങൾ ക്ലാസ് മുറിയിൽ പഠന സാമഗ്രിയായി ഉപയോഗിക്കുന്നു. | വർഷത്തിലൊരിക്കൽ | വിദ്യാരംഗം കലാ സാഹിത്യ വേദി കൺവീനർ | |

# അറബി

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | **അറബിക് മധുരം**<br><br>ലക്ഷ്യം : അറബിക്ക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിക്കാനുള്ള പ്രത്യേക പരിപാടി | **എഴുത്ത് , വായന**<br><br>• ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിൽ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക<br>• ഓരോ കുട്ടികൾക്കും ടാബ് വീതം നൽകി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നൽകുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗൈമിലൂടെ ആസ്വദിച്ച് പഠിക്കുന്നു.<br>• പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നൽകുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>പൂർവ്വ വിദ്യാർത്ഥികൾ |
| 2 | **വായനാ ലോകം**<br><br>ലക്ഷ്യം :<br>• കുട്ടിയെ വായനയുടെ | **1. തെരെഞ്ഞെടുത്ത ലളിതമായ അറബിക്ക് പുസ്തക ശേഖരണം**<br><br>പുസ്തകങ്ങൾ | 6 മാസം | സ്കൂൾ ലൈബ്രറി | സമാഹരണം<br><br>• അറബിക്ക് അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | ലോകത്തേക്ക് കൊണ്ടു വരൽ<br>• നല്ല വായനക്കാരനാകുക | • ചിത്ര കഥ (അറബിക്ക് )<br>• കഥ പുസ്തകം ( അറബിക്ക്)<br>• കുട്ടി കവിതകൾ (അറബിക്ക് )<br>• ചെറിയ വിവരണ ബുക്കുകൾ (അറബിക്ക് )<br>• അറബിക്ക് ക്വിസ്<br><br>**2. ക്ലാസ് വായന :**<br><br>• ഓരോ അറബിക്ക് പിരിയഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുന്നു.<br>• വായിച്ച ബുക്ക് രേഖപ്പെടുത്തിവെക്കുന്നു.<br>• കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക | | ക്ലാസ് ലൈബ്രറി<br><br>പുസ്തകങ്ങൾ | • റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അധ്യാപകർ<br>• ഭാഷാ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർ ഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |
| 3 | **ആസ്വാദന ലോകം** | **1. ആസ്വാദന സഭ :**<br><br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ഹാൾ | |

| | | | | | |
|---|---|---|---|---|---|
| | | ശ്രവിക്കുവാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ച്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക.<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാവണം<br><br>**2. കാഴ്ച്ചയും കേൾവിയും**<br><br>നേരത്തേ ഡൗൺലോട് ചെയ്തെടുത്ത മികച്ച അറബിക്ക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രൊജക്ടിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കുന്നു. | | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |
| 4 | **അനുഭവ ലോകം** (അറബിക്ക് ലാഗ്വേജ് ലാബ് ) | • വിദേശ ഭാഷാ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ട്ടിക്കുമ്പോഴാണ്. അതിനാൽ അറബി ഭാഷാ പഠനത്തിന് ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br>• തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br>• ഓരോരുത്തർക്കും ഓരോ കമ്പ്യൂട്ടർ / | 1 മാസം | എൽ.സി.ഡി<br>കമ്പ്യൂട്ടർ<br>ലാംഗ്വേജ് ഹാൾ | |

| | | | | | |
|---|---|---|---|---|---|
| | | എൽ.സി.ഡി പ്രൊജക്ടിന്റെ സഹായത്തോടെ പഠന പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ, പാട്ടുകൾ , കഥകൾ പാട്ടുകൾ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭിക്കാനുമുള്ള അവസരം | | | |
| 5 | **പദപരിചയം**<br><br>ലക്ഷ്യം : അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയപ്പെടൽ**<br><br>• അറബിക്ക് അധ്യാപകന്റെ മേൽ നോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്ക് ശേഷം മുതിർന്ന ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചപ്പെടുത്തുന്നു.<br>• ക്ലാസ് ലീഡർമാർ ആ പദം ബോർഡിലെഴുതുന്നു. പ്രസ്തുത പദം നോട്ടീസ് ബോർഡിൽ പതിക്കുന്നു.<br>• എല്ലാ വിദ്യാർത്ഥികൾ എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | നടത്തുന്നു.<br>• മികച്ച് നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകി പ്രോത്സാഹനം നൽകുന്നു. | | | |
| 6 | **അറബിക്ക് അസംബ്ലി** | • ആഴ്ച്ചയിൽ ഒരു ദിവസം അറബിക്ക് അസംബ്ലി സംഘടിപ്പിക്കുക.<br>• ചെറിയ വാർത്തകൾ അറബിയിൽ വായിക്കുന്നു.<br>• ചെറിയ അറബി കുറിപ്പുകൾ വായിക്കുന്നു.<br>• പുസ്തക പരിയപ്പെടുത്തൽ നടത്തുന്നു.<br>• സാഹിത്യകാരൻമാരെ പരിചയപ്പെടുത്തുന്നു. | 1 വർഷം | | |
| 7 | **അറബിക്ക് ഫെസ്റ്റ്** | അറബിക്ക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾ ഡേ / ഹാഫ് ഡേ അറബിക്ക് ഫെസ്റ്റ് നടത്തുക.<br><br>**കാര്യ പരിപാടികൾ**<br><br>• ഉദ്ഘാടനം<br>• ആദരിക്കൽ ( ഇത് വരെ സ്കൂളിൽ നടത്തിയ അറബിക്ക് മത്സരങ്ങളുടെ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | സമ്മാന ദാന ചടങ്ങ്)<br>• മികച്ച അറബിക്ക് കലാ അവതരണം<br>• തൊട്ടടുത്ത അറബിക്ക് കവി, സാഹിത്യക്കാരൻ , പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ<br>• തൊട്ടടുത്ത അറബിക്ക് ഡോക്യുമെന്ററി , ആനിമേഷൻ പ്രദർശനം<br>• അറബിക്ക് എക്സിബിഷൻ ( അറബിക്ക് ഭാഷാ ചരിത്രം , വികാസം, പ്രാധാന്യം , അപരിപഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം അറബിക്ക് കാലിഗ്രഫി | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക്ക് നാടകം , ചിത്രീകരണം , മോണോ ആക്ട്, വാർത്താ വായന തുടങ്ങിയ ഇനങ്ങൾ പ്രാക്ടീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്** | • അറബി ഭാഷയുടെ തനതായ സൗന്ദര്യം എഴുത്ത ( നസ്ഖി, രിഖഇ) | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | ലക്ഷ്യം : കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | എഴുത്തുകളാണ്<br>• ഓരോ കുട്ടികൾക്കും പ്രതേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ<br>• വർഷത്തിലൊരിക്കൾ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക.<br>• ചുമർ പത്രിക | | | |
| 10 | **ഡിജിറ്റൽ ലോകം**<br><br>ലക്ഷ്യം :<br><br>• എല്ലാ കുട്ടികൾക്കും പ്രൈമറി പഠനം കഴിയും മുൻപ് അറബിക്ക് കീബോർഡ് പഠിക്കൽ<br>• പവർപോയിന്റ് പരിചയപ്പെടൽ | • ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പര്ജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും ചെയ്യണം.<br>• ആഴ്ച്ചയിൽ ഒരു സമയത്ത് കുട്ടികൾ ടൈപ്പിംങ്ങ് പഠിക്കാൻ അവസരമൊരുക്കുന്നു<br>• ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| 11 | **എഴുത്തിന്റെ ലോകം** | • ക്ലാസ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം<br><br>മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി എ ഫോർ സൈസിൽ വൃത്തിയായി എഴുതി കളർ നൽകി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | ചാർട്ട്<br><br>കളർ | |
| 12 | **മത്സരങ്ങളുടെ ലോകം** | മുഴുവൻ വിദ്യാർത്ഥികളിലേയും വ്യത്യസ്ത കഴിവുകളെ പരിപോക്ഷിപ്പിക്കുന്നതിന് അറബിക്ക് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | | | |
| 13 | **ദിനാചരണങ്ങൾ** | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു. നേരത്തേ നിശ്ചയിച്ചതിനനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു. ( ഗ്രൂപ്പ് പ്രവർത്തനം ) | | | |

# ഉപസംഹാരം

2025 – 26 വർഷത്തേക്കുള്ള ഈ അക്കാദമിക മാസ്റ്റർ പ്ലാൻ നമ്മുടെ കുട്ടികളുടെ ബഹുമുഖ വികസനത്തിനും വിദ്യഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉദ്ധേശിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടേയും അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ ഓരോ പ്രവർത്തനങ്ങളിലൂടെയും സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്.